3 (576) സംസ്ഥാന ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡ്

ശ്രീ. എളമരം കരിം :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന " ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് " ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കുമോ;

(സി) ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള ബോണ്ടുകൾ വിറ്റഴിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ പുനരുദ്ധാരണത്തിനായി എന്തു തുക ബോണ്ട് വിൽപനയിലൂടെ സ്വരൂപിക്കാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ; എത്ര കോടി രൂപയുടെ ബോണ്ടുകളാണ് വിറ്റഴിക്കാൻ ലക്ഷ്യമാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ബോണ്ടിലൂടെ സ്വരൂപിച്ച ഫണ്ട് ഉപയോഗിച്ചുള്ള പുനരുദ്ധാ രണ പദ്ധതികൾ എന്നു മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വ്യവസായ പുനരുദ്ധാരണത്തിനുള്ള വ്യവസായങ്ങളുടെ മുൻഗ ണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസായങ്ങളാണ് ആദ്യഘട്ടത്തിൽ പുനഃരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തന മൂലധനത്തിന്റെ അപ ര്യാപ്തയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭ സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനു വേണ്ടിയാണ് കേരള വ്യവസായ പുനരുദ്ധാരണഫണ്ട് ബോർഡ് രൂപീകരിച്ചത്. ഇതിനായി 240 കോടി രൂപ അടിസ്ഥാനമുള്ള വ്യവസായ പുനരുദ്ധാരണഫണ്ടാണ് രൂപീകരിച്ചത്. ഇതിൽ 60 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമായും ബാക്കിയുള്ള 180 കോടി രൂപ ബോണ്ടുകളുടെ വിൽപ്പന വഴിയും സമാഹരി ക്കുന്നതിനാണ് തീരുമാനിച്ചത്.

കേരള സർക്കാരിന്റെ വിഹിതമായി 1998-99 ൽ 30 കോടി രൂപയും 1999- 2000-ൽ.20 കോടി രൂപയും ചേർത്തു ഇതുവരെ 50 കോടി രൂപ ലഭിച്ചു കഴിഞ്ഞു. ഈ ഫണ്ടിൽ നിന്നും അടിയന്തിര സഹായമായി ഏകദേശം 15.49 കോടി രൂപ ടെൽക്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ, ഓട്ടോകാ സ്റ്റർ, കേരളാ ഗാർമെന്റ്സ് എന്നീ കമ്പനികൾക്ക് അനുവദിച്ചിട്ടുണ്ട്. ബോണ്ടു കളുടെ വിൽപ്പന വഴി 180 കോടി രൂപ സമാഹരിക്കുന്നതിനായി കാനറ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളുടെ മർച്ചന്റ് ബാങ്കിംഗ് ഡിവി ഷനെയാണ് ചുമതലപ്പെടുത്തിയത്. 2000 ജനുവരിയിൽ ബോണ്ടുകളുടെ വിൽപ്പന ആരംഭിക്കുകയും ഈ മാസം തന്നെ 180 കോടി രൂപ അതുവഴി സമാഹിക്കുവാനും കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി അതാതു മേഖലകളിൽ സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ മുൻപാകെ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൻമേൽ സെക്ടർ കമ്മിറ്റി നടത്തിയ പഠന റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയും ചെയ്യുന്നു. കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും ധനം ലഭ്യമാക്കുന്നതിനായി കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ മേൽ, സെക്ടർ കമ്മിറ്റികളുടെ നിർദേശങ്ങൾ കൂടി കണക്കിലെടുത്താണ് മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ടെക്സ്റ്റൈൽ സെക്ടർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. എൻജിനീയറിംഗ് സെക്ടർ, ഇലക്ട്രിക്കൽ സെക്ടർ, സിറാമിക്സ് ആൻഡ് റീഫ്രാക്ടറിംഗ് സെക്ടർ, കെമിക്കൽ സെക്ടർ എന്നിവയുടെ കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറായി വരുന്നതേയുള്ളു.

4 (1577) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി വർഷം തോറും ഓഡിറ്റു ചെയ്യുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങളുടെ മേധാവികളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുകളെയും മാനേജിംഗ് ഡയറക്ടമാരേയും തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കും, വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും, മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തയുള്ള, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭസാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനുവേണ്ടി 240 കോടി

LIBRARY ARCHIVES Kerala Legislative Assembly